12
ജൂലായ് 2018 വ്യാഴം
1193 മിഥുനം 28
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ
16 + 4 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

ക്രൊയേഷ്യ ഫൈനലിൽ

- സെമിഫൈനലിൽ ഇംഗ്ലണ്ടിനെ 2-1ന് തോൽപ്പിച്ചു
- ക്രൊയേഷ്യ Vs ഫ്രാൻസ് ഫൈനൽ ഞായറാഴ്ച

ലോകകപ്പ് ഫുട്ബാളിന്റെ സെമിഫൈനലിൽ ഇന്നലെ ക്രൊയേഷ്യയുടെ ലൂക്കാ മൊഡ്രിച്ചും ഇംഗ്ലണ്ടിന്റെ ഹാരി കേനും പന്തിനുവേണ്ടി പോരാടുന്നു

രക്ഷകനെ കാത്തിരുന്നത് പിതാവിന്റെ മരണം

ബാങ്കോക്ക്: ചരിത്രമായ അതി സാഹസിക രക്ഷാപ്രവർത്തനം നടന്ന തായ്‌ലൻഡിലെ ഗുഹയിൽ കുട്ടികൾക്ക് കൂട്ടായിരുന്ന ലോകപ്രശസ്ത ആസ്ട്രേലിയൻ ഡോക്ടറും മുങ്ങൽ വിദഗ്ധനുമായ ഡോ.റിച്ചാർഡ് ഹാരിസിനെ കാത്തിരുന്നത് പിതാവിന്റെ മരണം! ചൊവ്വാഴ്ച അവസാനത്തെ ആളെയും പുറത്തെത്തിച്ച ശേഷമാണ് ഡോ. ഹാരിസ് ഉൾപ്പെടുന്ന നാലംഗ സംഘം ഗുഹയിൽ നിന്ന് പുറത്തു വരുന്നത്. എല്ലാവരെയും രക്ഷപ്പെടുത്തിയ സന്തോഷത്തോടെ പുറത്തു വന്ന അദ്ദേഹം ആദ്യം കേട്ടത് പിതാവ് ആസ്ട്രേലിയയിൽ മരിച്ച വാർത്തയാണ്. ഗുഹയിലെ രക്ഷാ ദൗത്യം പൂർത്തിയായി അല്പസമയത്തിനുള്ളിലാണ് പിതാവിന്റെ മരണം സംഭവിച്ചത്. മരണകാരണം അറിവായിട്ടില്ല. ഹരി രക്ഷാദൗത്യത്തിന് പുറപ്പെടുമ്പോൾ പിതാവിന് പ്രത്യേക അസുഖങ്ങളൊന്നും ഇല്ലായിരുന്നുവെന്ന് ആസ്ട്രേലിയൻ മെഡിക്കൽ അസോസിയേഷൻ അറിയിച്ചു.

റിച്ചാർഡ്

ഗുഹയിൽ അകപ്പെട്ട കുട്ടികളെ രക്ഷിക്കുന്നതിനിടയിൽ റിച്ചാർഡ്

ഗുഹകളിലെ സാഹസിക ദൗത്യങ്ങളിൽ അന്താരാഷ്ട്ര പ്രശസ്തനാണ് 'ഹാരി' എന്ന് വിളിക്കപ്പെടുള്ള അനസ്തേഷ്യ വിദഗ്ധനായ ഡോ. റിച്ചാർഡ് ഹാരി. തായ് രക്ഷാദൗത്യത്തിന് എത്തിയ ബ്രിട്ടീഷ് സംഘത്തിന്റെ അഭ്യർത്ഥന മാനിച്ചാണ് അദ്ദേഹം നേരത്തേ നിശ്ചയിച്ച ഉല്ലാസയാത്ര വേണ്ടെന്നു വച്ച് ദുരന്തസ്ഥലത്തെത്തിയത്. എല്ലാദിവസവും അദ്ദേഹം ഗുഹയിൽ കടന്ന് കുട്ടികളുടെ ആരോഗ്യനില പരിശോധിച്ചു കൊണ്ടിരുന്നു. ഗുഹയിൽനിന്ന് അവരെ പുറത്തിറക്കാനുള്ള ക്രമം നിശ്ചയിച്ചത് അദ്ദേഹമായിരുന്നു.

കുട്ടികൾ വെള്ളത്തിൽ പരിഭ്രമിക്കാതിരിക്കാൻ വളരെ നേർത്ത ഡോസിൽ മയക്കുമരുന്ന് കുത്തിവയ്ക്കാനുള്ള തീരുമാനവും അദ്ദേഹത്തിന്റേതായിരുന്നു. ദൗത്യം വിജയകരമായി പൂർത്തിയാക്കിയ അദ്ദേഹത്തിന് ആസ്ട്രേലിയൻ സർക്കാർ ആദരം ഒരുക്കുന്നുണ്ട്.

2011ൽ തെക്കൻ ആസ്ട്രേലിയയിലെ ടാങ് ഗുഹയിൽ മുങ്ങിമരിച്ച കുട്ടുകാരിയും സാഹസിക ഡൈവറും ടി. വി ഷോ അവതാരകയും ആയിരുന്ന ആഗ്നസ് മിലൗക്കയുടെ മൃതദേഹം കണ്ടെത്തി പുറത്തെത്തിച്ച സംഘത്തെ നയിച്ചത് ഡോ. ഹാരി ആയിരുന്നു.

ഒറ്റനോട്ടം

സ്വവർഗരതി: കോടതിക്ക് തിരുമാനിക്കാം
പേജ് 11

ലാഭക്കുതിപ്പിന് ഡബിൾ ബെൽ
പേജ് 7

നഷ്ടപ്പെട്ട ഭക്ഷ്യധാന്യം തിരിച്ചുകിട്ടി

തിരുവനന്തപുരം: ദേശീയ ഭക്ഷ്യ ഭദ്രതാനിയമം നടപ്പിൽവന്നശേഷം ഫുഡ് കോർപറേഷൻ ഒഫ് ഇന്ത്യയിൽ തൊഴിൽ തർക്കമുണ്ടായതിനാൽ 2017 ജനുവരിയിൽലാപ്പായ 1283.3 മെട്രിക് ടൺ അരിയും 15.52 മെട്രിക് ടൺ ഗോതമ്പും ഭക്ഷ്യ മന്ത്രി പി. തിലോത്തമന്റെ നേതൃത്വത്തിൽ നടത്തിയ ഇടപെടലുകളെ തുടർന്ന് കേന്ദ്ര സർക്കാർ അനുവദിച്ചു. തിലോത്തമൻ കേന്ദ്ര ഭക്ഷ്യമന്ത്രി രാംവിലാസ് പാസ്വാനെകണ്ട് നിവേദനം സമർപ്പിച്ചിരുന്നു. 30 ദിവസത്തിനകം ധാന്യം എട്ടുക്കണമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

മഴ തുടരും അഞ്ചുനാൾ കൂടി

തിരുവനന്തപുരം: ഒഡിഷ തീരത്ത് ന്യൂനമർദ്ദ സാദ്ധ്യത നിലനില്ക്കുന്നതിനാൽ അടുത്ത അഞ്ച് നാൾ കൂടി സംസ്ഥാനത്ത് കനത്തമഴയുണ്ടാകുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം മുന്നറിയിപ്പുനൽകി. കടൽ പ്രക്ഷുബ്ധമായിരിക്കും. തീരത്ത് വൻകാറ്റിനും സാദ്ധ്യതയുണ്ട്. മണിക്കൂറിൽ 55 കിലോമീറ്റർവരെ കാറ്റിന് വേഗം വച്ചേക്കാം. ഇന്ന് ഉച്ചവരെ അറബിക്കടലിന്റെ തെക്കുപടിഞ്ഞാറ്, വടക്ക്, മദ്ധ്യ ഭാഗങ്ങളിൽ മീൻപിടിത്തത്തിന് ഇറങ്ങാതിരിക്കുന്നതാണ് നല്ലത്.

അടുത്ത രണ്ടുദിവസത്തേക്ക് തെക്കൻ കേരളത്തിലും നല്ലതോതിൽ മഴയുണ്ടായേക്കും.

തലവര

സി.പി.എം രാമായണ മാസാചരണം സംഘടിപ്പിക്കുന്നുവെന്ന പ്രചാരണം അടിസ്ഥാനരഹിതം
- കോടിയേരി

'ബാലേ' കാണ്ഡത്തിന പകരം ഇറന്നത്
യുദ്ധകാണ്ഡമായിപ്പോയി

ഓർത്തഡോക്സ് സഭയിലെ പീഡനം

3 വൈദികർ അറസ്റ്റിലാകും

ജലന്ധർ വിടരുത്; ബിഷപ്പിന് പൊലീസിന്റെ നിർദ്ദേശം

സ്വന്തംലേഖകൻ

കോട്ടയം: കന്യാസ്ത്രീയെ ലൈംഗികപീഡനത്തിനിരയാക്കിയെന്ന പരാതിയിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ ജലന്ധർ വിട്ടുപോകരുതെന്ന് അന്വേഷണ സംഘം നിർദേശം നൽകി. അടുത്തയാഴ്ച ജലന്ധറിൽ അന്വേഷണസംഘം ബിഷപ്പിനെ ചോദ്യം ചെയ്യും. ബിഷപ്പ്മുങ്ങാതിരിക്കാൻ പഞ്ചാബ് പൊലീസിന് ഡി.ജി.പി കത്തയച്ചു.

ബിഷപ്പ് റോമിലേക്ക് കടക്കാനുള്ള സാദ്ധ്യതയുണ്ടെന്ന് ജലന്ധർ പൊലീസ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് കർശന നിർദേശം. ജാഗ്രതാ നിർദേശം എയർപോർട്ടുകൾക്കും നൽകി. 2014മുതൽ നിരന്തരം ഫോണിൽ ശല്യം ചെയ്തിട്ടുണ്ടെന്ന കന്യാസ്ത്രീയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കാൾ ഡീറ്റയിൽസിനായി അന്വേഷണ സംഘം അപേക്ഷ നൽകി. ഇതുകൂടി പരിശോധിച്ച് ചോദ്യാവലി തയ്യാറാക്കിയാണ് ബിഷപ്പിനെ ചോദ്യം ചെയ്യുക.

വൈദികർ വേട്ടമൃഗങ്ങളെപ്പോലെ പെരുമാറിയെന്ന് മുൻകൂർ ജാമ്യ ഹർജി തള്ളി ഹൈക്കോടതി

കൊച്ചി : വീട്ടമ്മയെ പീഡിപ്പിച്ച കേസിൽ പ്രതികളായ മൂന്ന് ഓർത്തഡോക്സ് വൈദികരുടെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. ഒന്നാംരണ്ടുംനാലുംപ്രതികളായ ഫാ. സോണി വർഗീസ്, ഫാ. ജോബ് മാത്യു, ഫാ. ജെയ്സ്. കെ. ജോർജ് എന്നിവരാണ് ഹർജി സമർപ്പിച്ചിരുന്നത്. ഇതോടെ മൂന്ന് പേരും അറസ്റ്റിലാകാൻ വഴി തെളിഞ്ഞു.

മൂന്നാം പ്രതി ഫാ. ജോൺസൺ. വി. മാത്യുവിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ പിന്നീട് വിധി പറയും.

പ്രതികൾ വൈദികരാണെന്ന കാരണത്താൽ യുവതിയുടെ രഹസ്യമൊഴികളുവാണെന്ന് ഈ ഘട്ടത്തിൽ പറയാൻ കഴിയില്ലെന്നും വേട്ടമൃഗങ്ങളെപ്പോലെയാണ് ഇവർ പെരുമാറിയതെന്നും ഹൈക്കോടതി വിലയിരുത്തി. യുവതിയുടെ സാഹചര്യങ്ങൾ വൈദികർ മുതലെടുത്തെന്ന് പ്രഥമ ദൃഷ്ട്യാ വ്യക്തമാണെന്നും സിംഗിൾബെഞ്ച് അഭിപ്രായപ്പെട്ട. മുൻകൂർ ജാമ്യം നൽകിയാൽ തെളിവുനശിപ്പിക്കാനും സാക്ഷികളെ സ്വാധീനിക്കാനും ഇടയുണ്ടെന്ന് പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടിയിരുന്നു. യുവതിയുടെ കുടുംബവുമായി അടുത്ത ബന്ധമുള്ളവരാണ് പ്രതികൾ. യുവതിയെ ഭീഷണിപ്പെടുത്തിയാണ് പ്രതികൾ പീഡിപ്പിച്ചതെന്നും സമ്മതത്തോടെ ശാരീരിക ബന്ധത്തിലേർപ്പെട്ടെന്ന പ്രതികളുടെ വാദം ശരിയല്ലെന്നും പ്രോസിക്യൂഷൻ വാദിച്ചു. പ്രതികൾ നിയമത്തിനുമുന്നിൽ നിന്ന് ഒളിച്ചോടാൻ സാദ്ധ്യതയുണ്ടെന്ന് വിലയിരുത്തിയാണ് സിംഗിൾ ബെഞ്ച് മുൻകൂർ ജാമ്യ ഹർജികൾ തള്ളിയത്.

കോടതിയിൽ കീഴടങ്ങാൻ അവസരം നൽകണമെന്ന പ്രതികളുടെ ആവശ്യവും കോടതി തള്ളി. പ്രത്യേക നിർദേശം ആവശ്യമില്ലെന്നും പ്രതികൾക്ക് കോടതിയിൽ കീഴടങ്ങി ജാമ്യത്തിന് അപേക്ഷിക്കാമെന്നും സിംഗിൾബെഞ്ച് വ്യക്തമാക്കി. വൈദികർ പീഡിപ്പിച്ചെന്ന് ചൂണ്ടിക്കാട്ടി യുവതിയും ഭർത്താവും ആദ്യംബിഷപിന് പരാതി നൽകിയിരുന്നു. പിന്നീട് ഡി.ജി.പിക്ക് വി.എസ്. അച്യുതാനന്ദൻ നൽകിയ പരാതിയിൽ പ്രാഥമികാന്വേഷണം നടത്തി തിരുവനന്തപുരം ക്രൈംബ്രാഞ്ച് കേസെടുക്കുകയായിരുന്നു. യുവതിയുടെ രഹസ്യമൊഴിയും കേസ് ഡയറിയും കോടതി പരിശോധിച്ചു.

യുവതിയുടെ മൊഴിയിൽ നിന്ന്

ഫാ. സോണി വർഗീസ്

ഫാ. ജോബ് മാത്യു

ഫാ. ജെയ്സ് കെ. ജോർജ്

ഫാ. ജോൺസൺ വി. മാത്യു

ഒന്നാം പ്രതി സോണി വർഗീസ്

1999 നവംബർ മുതൽ യുവതി വിവാഹിതയാകുന്ന 2002 വരെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചു. പിന്നീട് 2005 വരെ ബന്ധമുണ്ടായില്ല. വഴങ്ങിയില്ലെങ്കിൽ പഴയകഥകൾ പുറത്തു പറയുമെന്ന് ഭീഷണിപ്പെടുത്തി 2006 മുതൽ 2017 വരെ പീഡിപ്പിച്ചു.

രണ്ടാം പ്രതി ഫാ. ജോബ് മാത്യു

ആദ്യ പ്രതിയുടെ പീഡനകഥകൾ കുമ്പസാരത്തിനിടെ യുവതി പറഞ്ഞു. ഇക്കാര്യംഭർത്താവിനോടു പറയുമെന്ന് ഭീഷണിപ്പെടുത്തി പീഡിപ്പിച്ചു. യുവതിയോട് ഫോണിൽ അശ്ലീലം പറയുന്നതും പതിവായിരുന്നു. 2012 വരെ പീഡനം തുടർന്നു.

ഫാ. ജോൺസൺ. വി. മാത്യു

യുവതിയുടെ സീനിയറായിരുന്ന കോളേജിൽ പഠിച്ചയാളാണ്. വാട്ട്സ് അപ്പ് വഴിയാണ് ഇയാൾ സൗഹൃദം കൂട്ടിയത്. യുവതിയുടെ നഗ്നചിത്രം വ്യാജമായി നിർമ്മിച്ച് പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തികാറിൽവച്ച് ലൈംഗികമായി ആക്രമിച്ചെന്ന് മൊഴിയുണ്ട്.

ഫാ. ജെയ്സ്. കെ. ജോർജ്

ഡൽഹിയിൽ കൗൺസലറായ ഇയാൾ യുവതിക്ക് ഫ്രണ്ട്സ് റിക്വസ്റ്റ് അയച്ചിരുന്നു. പിന്നീട് പരിചയപ്പെട്ട ഇയാളോട് പീഡനങ്ങൾ തുറന്നു പറഞ്ഞു. കാര്യങ്ങൾ പുറത്തു പറയുമെന്ന് ഭീഷണിപ്പെടുത്തി ഇയാളും പീഡിപ്പിച്ചു. കേരളത്തിൽ വരുമ്പോഴെല്ലാം പീഡിപ്പിച്ചു. കൊച്ചിയിലെ സ്വകാര്യ പഞ്ചനക്ഷത്ര ഹോട്ടലിൽ വച്ച് പല തവണ പീഡിപ്പിച്ചെന്നും യുവതിയുടെ മൊഴിയിൽ പറയുന്നു.

രാവോളം വൈദികരെ കാത്ത്

പേജ് 7

ബിഷപ്പ് 13 തവണ പീഡിപ്പിച്ചു

ബിഷപ്പിൽ നിന്ന് തനിക്കേൽക്കേണ്ടിവന്നത് കൊടിയ ലൈംഗികാതിക്രമമെന്ന് കന്യാസ്ത്രീ രഹസ്യമൊഴിയിലും തുടർന്ന് അന്വേഷണസംഘത്തിന് നൽകിയ മൊഴിയിലും ആവർത്തിച്ചു.

കുറവിലങ്ങാട്ടെ സന്യാസ മഠത്തിലെത്തിയ ബിഷപ്പ് 13 തവണയാണ് പീഡിപ്പിച്ചത്. പ്രകൃതി വിരുദ്ധ പീഡനവും നടത്തി. പീഡന വിവരങ്ങൾ ഓരോന്നും സഭാനേതൃത്വത്തെ അറിയിച്ചിട്ടും നടപടിയെടുത്തില്ലെന്നും മൊഴിയിൽ പറയുന്നു.

മൂന്ന് പേർ പിടഞ്ഞ് മരിക്കുമ്പോൾ സെൽഫി ക്രൂരത

സെൽഫിയെടുത്ത യുവാവ്

ബാർമർ : ബൈക്കപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് റോഡിൽ മരണവെപ്രാളത്തിൽ പിടഞ്ഞ മൂന്ന് പേരുടെ ദൃശ്യങ്ങൾ സഹിതം സെൽഫിയെടുക്കുകയും സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുകയും ചെയ്ത യുവാക്കളുടെ ക്രൂരവിനോദം മനഃസാക്ഷിയെ മരവിപ്പിക്കുന്നു.

രാജസ്ഥാനിലെ ബാർമറിൽ ഇന്നലെയാണ് സംഭവം. അപകടത്തിൽപ്പെട്ടരാൾമിനിട്ടുകൾക്കുള്ളിൽ മരിച്ചു. കടന്നുപോയ ഒറ്റയാളും അവരെ സഹായിച്ചില്ല. റോഡിൽ തളംകെട്ടിയ ചോരയിൽ വേദനയിൽപ്പുളയുന്നഅവരുടെചിത്രങ്ങളുംവീഡിയോയുംസെൽഫിയും പകർത്തുന്ന ക്രൂരതയാണ് അരങ്ങേറിയത്. സോഷ്യൽ മീഡിയയിൽ പ്രചരിച്ച 1.43 മിനിട്ട് ദൈർഘ്യമുള്ള സെൽഫി വീഡിയോയിൽ ഇവർ പിടയുന്നത് കാണാം. രക്ഷിക്കുഎന്ന് അവരിലൊരാൾ അപേക്ഷിക്കുന്നതും ചുറ്റും നിൽക്കുന്നവരുടെ സംസാരവും കേൾക്കാം. അര മണിക്കൂറോളം അവിടെ കിടന്ന അവർ ചോരവാർന്ന് മരിച്ചു. സമയത്തിന് ആശുപത്രിയിൽ എത്തിച്ചിരുന്നെങ്കിൽ രക്ഷപ്പെടുമായിരുന്നു.

സെൽഫിയെടുത്ത് നിൽക്കുന്ന യുവാവിന്റെ ദൃശ്യങ്ങൾ സാമൂഹ്യമാദ്ധ്യമങ്ങളിൽ വലിയ വിമർശനങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. ഇയാൾക്കെതിരെ നടപടിവേണമെന്നആവശ്യവും ഉയർന്നിട്ടുണ്ട്.

അമ്മയ്ക്ക് ചെലവിന് നൽകാത്ത മകന് തടവുശിക്ഷ

മാനന്തവാടി: അമ്മയ്ക്ക് ചെലവിന് നൽകാത്ത മകന് തടവുശിക്ഷ വിധിച്ചു. വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടി സ്ഥാപിതമായ മെയിന്റനൻസ് ട്രൈബ്യൂണൽ ആണ് ശിക്ഷ വിധിച്ചത്.

സുൽത്താൻ ബത്തേരി താലൂക്കിലെ കുപ്പാടി വില്ലേജിൽ പള്ളിയാലിൽ ദാമോദരന്റെ മകൻ സുനിൽകുമാറിനെയാണ് ട്രൈബ്യൂണൽ ചെയർമാൻ ക്ലീയായ മാനന്തവാടി സബ് കളക്ടർ എൻ. എസ്. കെ. ഉമേഷ് ഒരുമാസത്തേക്കോ കുടിശ്ശിക തുകയായ 18,000 രൂപ അടയ്ക്കുന്നതുവരെയോ ജയിൽ ശിക്ഷ വിധിച്ചത്.

അമ്മ സരസ്വതി അമ്മയ്ക്ക് പ്രതിമാസം 2000 രൂപ ജീവനാംശം നൽകാൻ ട്രൈബ്യൂണൽ നേരത്തേ വിധിച്ചിരുന്നു. മണിയോർഡർ ആയി ആ തുക നൽകുന്നതിൽ വീഴ്ചവരുത്തിയതിനാണ് സുനിൽകുമാറിനെതിരെ ശിക്ഷ വിധിച്ചത്.

സരസ്വതി അമ്മയ്ക്ക് ജീവനാംശമായി മാസം 2000 രൂപ നൽകണമെന്ന് 2017 നവംബർ 25ന് ട്രൈബ്യൂണൽ ഉത്തരവായിരുന്നു. അത് പാലിക്കാത്തതിനെ തുടർന്ന് 2018 ഫെബ്രുവരിയിൽ വീണ്ടും ട്രൈബ്യൂണലിൽ അപേക്ഷ സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ശിക്ഷ.

2009 ൽ വയനാട്ടിൽ മെയിന്റനൻസ് ട്രൈബ്യൂണൽ സ്ഥാപിച്ച ശേഷം ജീവനാംശം നൽകുന്നതിന് വീഴ്ച വരുത്തിയ കേസിൽ തടവിന് ശിക്ഷിക്കുന്നത് ആദ്യമാണ്. സംരക്ഷണത്തിനും ജീവനാംശത്തിനുമായി ലഭിച്ച 701 അപേക്ഷകളിൽ 635 എണ്ണത്തിൽ തീർപ്പു കൽപ്പിച്ചു.

നിർഭയ ഫണ്ടില്ല; ട്രെയിനുകളിൽ കാമറ പിടിത്തം പാളി

പി.എച്ച്.സനൽകുമാർ

KAUMUDI SPECIAL

തിരുവനന്തപുരം: സ്ത്രീ സുരക്ഷയ്ക്കായി നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും സി.സി.ടി.വി കാമറ സ്ഥാപിക്കാനുള്ള പദ്ധതി പാളി.

കഴിഞ്ഞബഡ്ജറ്റിൽ ധനമന്ത്രി അരുൺജെയ്റ്റ്ലി പ്രഖ്യാപിച്ച സുപ്രധാന പദ്ധതിയാണ് ഫണ്ടില്ലാത്തതിനാൽ പ്രതിസന്ധിയിലായത്. നടപ്പുവർഷം തന്നെ പദ്ധതി പൂർത്തിയാക്കണമെന്ന പ്രധാനമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് 500 കോടിരൂപ ഏപ്രിലിൽ അനുവദിച്ചിരുന്നു. പദ്ധതിയുടെ നടത്തിപ്പ് തുടങ്ങുകയും ചെയ്തു. ഇതുവരെരാജ്യത്തെ 436 സ്റ്റേഷനുകളിൽ കാമറ സ്ഥാപിക്കുകയും 547 സ്റ്റേഷനുകളിൽ പദ്ധതി തുടങ്ങുകയും ചെയ്തിരുന്നു. നിർഭയ ഫണ്ടിൽനിന്നും ഇതുയധികം തുക നൽകാനാവില്ലെന്നാണ് കേന്ദ്ര ധനകാര്യ മന്ത്രാലയം പറയുന്നത്.

ജനത്തിരക്കുള്ള 5721 റെയിൽവേ സ്റ്റേഷനുകളിലും 58276 റെയിൽവേ കോച്ചുകളിലും കാമറ ഘടിപ്പിക്കാനായിരുന്നു പദ്ധതി. ഇതിനായി 3500 കോടിരൂപയുടെ എസ്റ്റിമേറ്റാണ് റെയിൽവേ തയ്യാറാക്കിയത്. കേന്ദ്രം കൈമലർത്തിയ സാഹചര്യത്തിൽ പദ്ധതി വെട്ടിച്ചുരുക്കി നടപ്പിലാക്കാനുള്ള ആലോചനയിലാണ് റെയിൽവേ. ഇതിനായി 2500 കോടി രൂപ വായ്പയെടുക്കും. ഇതുവരെ തുടങ്ങിവച്ചതുൾപ്പെടെ 5000ത്തിൽ താഴെ സ്റ്റേഷനുകളിലും 42000 റെയിൽവേകോച്ചുകളിലും സി.സി.ടി.വി സ്ഥാപിക്കും.

വായു തരപ്പെടുത്താൻ റെയിൽ ഫിനാൻസ് കോർപറേഷനെ നിയോഗിച്ചിട്ടുണ്ട്.

കേരളത്തിൽ 19 സ്റ്റേഷനുകളിൽ

കേരളത്തിൽ 19 സ്റ്റേഷനുകളിലാണ് സി. സി. ടി. വി. കാമറ സ്ഥാപിച്ചിട്ടുള്ളത്. തിരുവനന്തപുരം ഡിവിഷനിൽ 12 ഉം, പാലക്കാട് 7 ഉം. 10 സ്റ്റേഷനുകളിൽ കൂടി കാമറ സ്ഥാപിക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടു. ഇവയിൽ എത്രയിടത്ത് പൂർത്തിയാകുമെന്ന് ഉറപ്പില്ല. സംസ്ഥാനത്ത് 103 റെയിൽവേ സ്റ്റേഷനുകളാണുള്ളത്. സംസ്ഥാനത്തുനിന്ന് സർവീസ് നടത്തുന്ന ട്രെയിനുകളിൽ കാമറ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല.